**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂപരിഷ്കരണം കേരളത്തിൽ സൃഷ്ടിച്ച ബദൽ സാമൂഹ്യസമ്പദ്ഘടനയെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹകരണ മേഖല നൽകിയ സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ഭൂപരിഷ്കരണം കേരളത്തിൽ സൃഷ്ടിച്ച ബദൽ സാമൂഹ്യ സമ്പദ്ഘടനയെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ നിർദ്ദേശത്തോടെ സഹകരണ മേഖല രൂപീകരിച്ച പദ്ധതികളിൽ പ്രധാനമാണ് സുഭിക്ഷ കേരളം പദ്ധതി.<br><br>കർഷകർക്ക് കൃഷി ചെയ്യാൻ കാർഷിക വായ്പകൾ ലഭ്യമാക്കുക, കാർഷിക ഉൽപ്പന്നങ്ങൾ ന്യായവില കൊടുത്ത് സംഭരിക്കുക, അവ പൊതുവിപണിയിൽ വിപണനം നടത്തുക, സംസ്ഥാനം ഭക്ഷ്യ സ്വയംപര്യാപ്തത നേടുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഇതിന്റെ തുടർച്ചയായി 500 ഏക്കർ കൃഷി (100 ദിന കർമ്മ പരിപാടി) പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ തെരെഞ്ഞെടുത്ത 7 ജില്ലകളിലാണ് (തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾ വഴിയും കൃഷിക്കാരിലൂടെ നടപ്പിലാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാർഷിക വികസന പദ്ധതിയുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും, ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കർഷകരെ സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505(KPCOS) എന്ന നെല്ല് സഹകരണ സംഘം രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ പാലക്കാട് റൈസ് മിൽ മാതൃകയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു. |
| (സി) | യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിൽ ആകർഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ സഹായിക്കാനായി സംസ്ഥാനത്തൊട്ടാകെ വിവിധ സേവന മേഖലകളിലായി നിലവിൽ 31 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ